**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1561** — **08-10-2021 - ൽ മറുപടിയ്ക്ക്**

**ഗ്രീൻ ആർമിയിൽപ്പെട്ട ടെക്നീഷ്യന്മാരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അഗ്രോ-സർവ്വീസ് സെന്ററുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഗ്രീൻ ആർമിയിൽപ്പെട്ട ടെക്നീഷ്യന്മാരുടെ പി.എഫ്., ഇ.എസ്.ഐ എന്നീ ആനുകൂല്യങ്ങൾ സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | അഗ്രോ സർവ്വീസ് സെന്ററുകളുടെ സേവനം വിനിയോഗിക്കുമ്പോൾ ലഭ്യമാകുന്ന തുകയാണ് അഗ്രോസർവ്വീസ് സെന്ററുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ടെക്നീഷ്യൻമാർക്ക് വേതനമായി നൽകി വരുന്നത്. ഇ.പി.എഫ് ബാധകമാക്കുമ്പോൾ എംപ്ലോയർ-എംപ്ലോയി വിഹിതം നൽകേണ്ടതായുണ്ട്. അഗ്രോസർവ്വീസ് സെന്ററിലെ ടെക്നീഷ്യൻമാർക്ക് വേതനം നൽകുന്നതിന് പ്രത്യേക സാമ്പത്തിക സഹായം ലഭ്യമല്ലാത്തതിനാലും വർഷത്തിൽ ഉടനീളം പ്രവൃത്തിദിനങ്ങൾ ഇല്ലാത്തതിനാലും ഇവരെ ഇ.പി.എഫ്, ഇ.എസ്.ഐ എന്നിവയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) | എറണാകുളം ജില്ലയിലെ ഏക മാതൃക കാർഷിക സേവന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന അംഗങ്ങൾക്ക് ജോലിസ്ഥിരത ഉറപ്പുവരുത്താൻ പുതിയ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ബി) | എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക് മോഡൽ അഗ്രോ സർവ്വീസ് സെന്ററിൽ പ്രവർത്തിക്കുന്ന അംഗങ്ങൾക്ക് സുസ്ഥിരമായി തൊഴിൽ നൽകുന്നതിന് വാർഷിക ബിസിനസ് പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് കൂത്താട്ടുകുളത്ത് പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിൽ അഗ്രോ സർവ്വീസ് സെന്ററിന് കൈമാറിയിട്ടുള്ള സ്ഥലത്ത് MLA ഫണ്ട്, കൃഷി വകുപ്പ് ഫണ്ട്, അഗ്രോ സർവ്വീസ് സെന്റർ ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് ഹൈടെക്ക് നഴ്സറി കം ഓർഗാനിക് വെജിറ്റബിൾ സെയിൽസ് ഔട്ട് ലെറ്റ് തുടങ്ങുന്നതിനുള്ള ശ്രമം ആരംഭിച്ചു. പച്ചക്കറി തൈകളും മറ്റു നടീൽ വസ്തുക്കളും ഉത്പാദിപ്പിക്കുവാനും സൂക്ഷിക്കുവാനും ഉള്ള ഒരു വലിയ മഴ മറയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ